# കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ തലശ്ശേരി-വളവുപാറ റോഡ് വികസന ത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുന്നതിനുള്ള പദ്ധതിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദ്ഗദ്ധസമിതിയുടെ ശുപാർശക്കുറിപ്പ്

തീയ്യതി; 14.09.2018

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ പായം വിളമന വില്ലേജുകളിലായി തലശ്ശേരി വളവുപാറ റോഡ് വികസനത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂ ഹ്യാഘാതത്തെക്കുറിച്ച് 'കെയ്റോസ് കണ്ണൂർ' എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗദ്ധസമിതി കണ്ണൂർ ജില്ല കളക്ടറുടെ 13.08.2018..ാം തീയ്യതിയിലെ DCKNR/~~12595/18~~ 442918/C2 നമ്പർ ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരുന്നു. ഈ സമിതി 11.09.2018 തീയ്യതി രാവിലെ 11 മണിക്ക് പായം ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് പ്രാഥമിക യോഗം ചേർന്ന് പഠനറി പ്പോർട്ടിലെ കാര്യങ്ങൾ ചർച്ച ചെയ്യുകയും പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 14.09.2018 തീയ്യതി ഉച്ചക്ക് ശേഷം 2 മണിക്ക് കണ്ണൂർ കല ക്ട്രേറ്റിൽ യോഗം ചേർന്ന് കാര്യങ്ങള വിലയിരുത്തുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെട്ട പായം വില്ലേജ് ദേശത്തിലെ റി.സ. നമ്പർ 20/2, 38/2, 57/1എ, 57/1എ2 എന്നീ സർവ്വെ നമ്പറുകളിൽപെട്ട 0.0212 ഹെക്ടർ ഭൂമിയും വിളമന അംശം, ദേശത്ത് റി.സ.നമ്പർ 67/6, 67/7, 72/3, 72/4, 72/10, 348/1, 139/2 എന്നിവയിൽ പെട്ട 0.0386 ഹെക്ടർ ഭൂമിയടക്കം ആകെ 0.0598 ഹെക്ടർഭൂമിയാണ് ഈ പദ്ധ തിക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

സാമൂഹ്യാഘാത പഠനിറിപ്പോർട്ടിലുള്ള കാര്യങ്ങളും സ്ഥലപരിശോധനയിൽ കണ്ടെ ത്തിയ കാര്യങ്ങളും വിശകലനം ചെയ്ത് ഈ സമിതി താഴെപ്പറയുന്ന ശുപാർശകൾ സമർപ്പി ക്കുന്നു.

1. കണ്ണൂർ ജില്ലയിലെ പ്രധാന പട്ടണങ്ങളായ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ എന്നിവയേയും കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളത്തെയും കർണ്ണാകടത്തിലെ കുടക്, മൈസൂർ, ബേംഗ്ലൂർ എന്നീ നഗരങ്ങളേയും ബന്ധപ്പെടുത്തുന്ന പ്രധാന റോഡാണ് തലശ്ശേരി -വളവുപാറ റോഡ്. ലോകബാങ്ക് സഹായത്തോടുകൂടി ഈ റോഡ് വികസിപ്പിക്കുന്നതി നുള്ള നടപടികൾ കേരള സർക്കാറിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള KSTP ഡിവിഷനാണ് സ്വീകരിച്ചുവരുന്നത്. ആയതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കുന്നത് പൊതു ആവശ്യത്തിനുവേണ്ടിതന്നെയാണ്.

2. മേൽപ്പറഞ്ഞ റോഡിന്റെ ഓവുചാൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. പ്രധാന മായും നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കുന്നത്. ആയതിനാൽ ഈ ആവശ്യത്തിനുവേണ്ടി ഇത ല്ലാതെ പകരം ഭൂമികണ്ടെത്തി ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ഏറ്റവും കുറഞ്ഞ അളവിലാണെന്ന് കാണുന്നു.

3. താമസഗൃഹങ്ങളൊന്നും ഈ ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കുന്നില്ല. ആയതി നാൽ കുടിയൊഴിപ്പിക്കലിന്റെയോ പുനരധിവാസത്തിന്റേയോ പ്രശ്നങ്ങളില്ല.

4. ഇതിൽ പറയുന്ന സ്ഥലം റോഡിനോടോ ഓവുചാലിനോടോ ചേർന്ന് കിടക്കുന്ന താണ്. കൂടാതെ യാതൊരു തരത്തിലുള്ള കൃഷിഭൂമിയും ഉൾപ്പെടുന്നില്ല. ആയതിനാൽ ഏറ്റെടുക്കുന്നതുമൂലം. കൃഷിയിടങ്ങൾക്ക് ആഘാതമില്ല .

5. പൊതുസ്ഥാപനങ്ങൾ, പൊതുസമൂഹത്തിന്റെ ഉപയോഗത്തിനുള്ള കളിസ്ഥലങ്ങൾ, അംഗൻവാടി, ആരാധാനാലയങ്ങൾ, മേച്ചിൽപ്പുറങ്ങൾ, എന്നിവ ഏറ്റെടുക്കുന്ന സ്ഥലത്തിൽ ഉൾപ്പെടാത്തതിനാൽ പൊതുഇടങ്ങൾക്ക് ഈ പദ്ധതി മൂലം ആഘാതങ്ങളില്ല.

6. എന്നാൽ പായം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വളരെയടുത്തുകൂടിയാണ് റോഡിനുവേണ്ടി മണ്ണ് നീക്കം ചെയ്തിരിക്കുന്നത്. ആയതിനാൽ വില്ലേജ് ഓഫീസിന്റെ റോഡിനു ചേർന്നുള്ള വശത്ത് സംരക്ഷണമതിൽ പണിത് കൊടുക്കുകയും കൂടാതെ ഓഫീസിലേക്ക് പൊതുജനങ്ങൾക്ക് കയറിച്ചെല്ലുന്നതിനു ആവശ്യമായ (റാമ്പ് ഉൾപ്പെ ടെയുള്ള) സൗകര്യം ഏർപ്പെടുത്തേണ്ടതാണെന്ന് വിദഗ്ദധസമിതി ശുപാർശചെയ്യുന്നു.

7. കൂട്ടുപുഴ പാലം നിർമ്മിക്കുന്നതിനാവശ്യത്തിനായി പുഴയുടെ വശത്ത് ലോഡ് കണക്കിന് മണ്ണ് കൂട്ടിയിട്ടത് നീക്കം ചെയ്യേണ്ടതാണ്

8. ഇതിൽ പരാമർശിച്ച ഭൂമിയേറ്റെടുക്കുന്നത് മൂലം ആർക്കും തന്നെ തൊഴിലിനോ വരുമാനത്തിനോ ആഘാതമില്ലെന്ന പഠനറിപ്പോർട്ടിലെ പരാമർശം ശരിയാണെന്ന് കാണുന്നു.

9. നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കുന്നതുമൂലം വീടുകളിലേക്കും മറ്റും വഴി തടസ്സപ്പെടു ന്നവർക്ക് വഴി സൗകര്യം ഏർപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു. വളര ഉയരത്തിൽ നിന്നും മണ്ണ് നീക്കം ചെയ്തതിന്റെ ഫലമായി വീട്ടുമതിലുകൾ നഷ്ടപ്പെട്ട പാലപ്രവൻ ഉത്തമൻ, ലിസി തോമസ്, മമ്മിഹാജി തുടങ്ങിയവർക്കും സുരക്ഷാമതിൽ കെട്ടിക്കൊടു ക്കേണ്ടതാണെന്നും കൂടാതെ കെ.എം.അബ്ദുള്ള മൗലവിയുടെ വീട്ടുകിണറിനോട്

ചേർന്നുള്ള ഓവുചാൽ കിണറിന്റെ സുരക്ഷയെ ബാധിക്കാത്തതരത്തിൽ നിർമ്മിക്കണമെന്നും ശുപാർശചെയ്യുന്നു.

10. നിർദ്ദിഷ്ടഭൂമിയിൽ സർക്കാരിന്റെ അധീനതയിൽ പെട്ട ഭൂമി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

മേല്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ തലശ്ശേരി-വളവുപാറ റോഡിന്റെ വികസനത്തിനായുള്ള നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഈ വിദഗ്ദ്ധസമിതി ശുപാർശ ചെയ്യുന്നു.

കെ.പി.റാഫി
പ്രതിനിധി
പായം ഗ്രാമപഞ്ചായത്ത്

മനീഷ.സി.
മെമ്പർ
പായം ഗ്രാമപഞ്ചായത്ത്

ജിജി കൈപ്രത്ത്
സാമൂഹ്യശാസ്ത്രജ്ഞ

സി.എം.മുരളീധരൻ
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗദ്ധൻ

രാജൻ.പി.
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗദ്ധൻ

കെ.വി.സതീശൻ
അസി.എഞ്ചിനീയർ
(കെ.എസ്.ടി.പി.)
സാങ്കേതിക വിദ്ഗദ്ധൻ

ഗോപി.എം..
സാമൂഹ്യശാസ്ത്രജ്ഞൻ
ചെയർമാൻ വിദ്ഗദ്ധസമിതി.